ഉത്തരം

(എ) ഇതുസംബന്ധിച്ചുള്ള വിവരം അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു. †

(ബി) അനംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ചുള്ള കണക്ക് ലഭ്യമല്ല. അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. †

(സി) അനംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. †

(ഡി) 2003-04 വർഷത്തിൽ 488 സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നു. 2004-05 വർഷത്തിൽ 10 സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ സ്കൂളുകൾ അതത് വിദ്യാഭ്യാസ ഓഫീസർമാർക്ക് അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. കെ. ഇ. ആർ. അദ്ധ്യായം 5 റൂൾ 17-ൽ പറയുന്ന നിബന്ധനകൾ പാലിച്ചെങ്കിൽ മാത്രമേ സ്കൂളുകൾക്ക് അംഗീകാരം നൽകുകയുള്ളൂ.

(ഇ) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

ക്ലാസ് മുറി നിർമ്മാണത്തിനും മെയിൻറനൻസിനുമായി വകയിരുത്തിയിട്ടുള്ള തുക

87 [2398] ശ്രീ. എം. വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം 2005-06 വർഷത്തേക്ക് സ്കൂളുകളിൽ അധിക ക്ലാസ് മുറി നിർമ്മാണത്തിനും മെയിൻറനൻസിനുമായി തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷത്തേക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ തുക സ്കൂളുകൾക്ക് വിഭജിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂളുകളുടെ ആവശ്യം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്;

(ഇ) സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കാൻ നിലവിലുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) പല ജില്ലകളിലും വേണ്ടത്ര പരിശോധന നടത്താതെയാണ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മെയിന്റനൻസ് ഗ്രാന്റിനത്തിൽ 5657 സ്കൂളുകൾക്കായി 282.85 ലക്ഷം രൂപയും 1523 അധിക ക്ലാസ് മുറികൾക്കായി 2,284.5 ലക്ഷം രൂപയും ഈ വർഷം സംസ്ഥാന തലത്തിൽ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) കേന്ദ്ര സർക്കാരിൽ നിന്നും 2005-06-ലേക്ക് ഇതുവരെ തുക ലഭിച്ചിട്ടില്ല. തുക ലഭിക്കുന്ന മുറയ്ക്ക് ജില്ലകൾക്ക് വിഭജിച്ചു നൽകുന്നതാണ്.

(ഡി) ജില്ലാതല പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയാണ് സ്കൂളുകളുടെ ആവശ്യങ്ങൾ നിർണ്ണയിക്കുന്നത്.

(ഇ) 1. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവശ്യം വേണ്ട സ്ഥലം സ്കൂളിന് സ്വന്തമായി ഉണ്ടായിരിക്കണം.

2. ഏത് നിർമ്മാണ പ്രവർത്തനമാണോ വേണ്ടത് അതിന്റെ ആവശ്യം സ്കൂളിന് ഉണ്ടായിരിക്കണം.

3. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ സ്കൂൾ പി. ടി. എ. സന്നദ്ധരായിരിക്കണം.

(എഫ്) ഇല്ല.

സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം

88 [2400] ശ്രീ. ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം ഇത് എത്ര സ്കൂളുകളിൽ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജില്ലാതലത്തിലും മുനിസിപ്പൽ/കോർപ്പറേഷൻ/ബ്ലോക്ക്/പഞ്ചായത്ത് സ്കൂൾ തലത്തിലുമുള്ള കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച നടപടികൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ യു. പി. സ്കൂളുകളിലും ഹൈസ്കൂളുകളിലുമാണ് ഈ വർഷം ലൈബ്രറി നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly